ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ചിത്രാഞ്ജലി സ്റ്റുഡിയോയിലെ മുഴുവൻ സാങ്കേതിക വിദ്യയും ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടികളുടെ ചിത്രങ്ങൾക്ക് 3 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നുണ്ട്.

(സി) ഇല്ല. എന്നാൽ കണ്ണപുരം ഗ്രാമപഞ്ചായത്ത് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ചു നിർമ്മിച്ച "കളിയൊരുക്കം" എന്ന കുട്ടികളുടെ ചിത്രത്തിന് അർഹതപ്പെട്ട സബ്സിഡി തുകയായ 3 ലക്ഷത്തിൽനിന്ന് നിർമ്മാണ ചെലവിനത്തിൽ ചിത്രാഞ്ജലി സ്റ്റുഡിയോയ്ക്ക് നൽകാനുള്ള തുക കിഴിച്ച് ബാക്കി തുകയായ 1,99,233 രൂപയുടെ ചെക്ക് കണ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

സിനിമ, ടെലിവിഷൻ മേഖലയിലുള്ളവർക്ക് ക്ഷേമനിധി

1238(822) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമ, ടെലിവിഷൻ കലാകാരന്മാർക്കും സാങ്കേതിക പ്രവർത്തകർക്കും കലാ-സാംസ്കാരികം, സാഹിത്യം എന്നീ മേഖലകളിലുള്ളവർക്കുമായി ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാനത്ത് വിവിധ കലാ-സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഒരു നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ട് 2010 ഡിസംബർ 29-ന് നിയമസഭ പാസ്സാക്കുകയും 2011 ജനുവരി 27-ന് ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആക്ട് വിഭാവനം ചെയ്യുന്ന ക്ഷേമനിധി രൂപീകരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly